# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.10.2025**

### പ്രധാനവാർത്തകൾ

1. ഡിജിറ്റൽ ആവാസവ്യവസ്ഥയിൽ ആഗോള മാനദണ്ഡങ്ങൾ സൃഷ്ടിക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.
2. 15-ആം കേരള നിയമസഭയുടെ 14-ആം സമ്മേളനത്തിന് ഇന്ന് സമാപനമായി. സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. പ്രതിഷേധത്തിനിടെ ചീഫ് മാർഷലിന് പരിക്കേറ്റ സംഭവത്തിൽ മൂന്ന് പ്രതിപക്ഷ എംഎൽഎ മാർക്ക് സസ്പെൻഷൻ.
3. സംസ്ഥാനത്തെ എല്ലാ റെയിൽവെ സ്റ്റേഷനുകളും ഭാവിയിൽ അമൃത് സ്റ്റേഷനുകളായി മാറുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.
4. സംസ്ഥാന സ്കൂൾ കായിക മേള ഒളിമ്പിക്സ് മാതൃകയിൽ ഈ മാസം 21 മുതൽ 28 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.
5. സാഹിത്യത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരം ഹംഗേറിയൻ എഴുത്തുകാരൻ ലാസ്നോ ക്രസ്നഹോർക്കയ്ക്ക്.
6. ഐസിസി വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടുന്നു.

PNU TVPM

*******************************************

## പ്രധാനമന്ത്രി (ഇൻട്രോ)

ഡിജിറ്റൽ ആവാസവ്യവസ്ഥയിൽ ആഗോള മാനദണ്ഡങ്ങൾ സൃഷ്ടിക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്കരണത്തിലൂടെ സമൂഹത്തെ ഒന്നടങ്കം സാങ്കേതിക പുരോഗതിയുടെ ഭാഗമാക്കാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു. മുംബൈയിൽ ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. പ്രതിമാസം 25 ലക്ഷം കോടി രൂപയുടെ 20 ബില്യൺ ഇടപാടുകൾ യുപിഐ-യിലൂടെ നടക്കുന്നതായും ശ്രീ മോദി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

ഇന്ത്യയും യുകെയും ഫിൻടെക്കിലെ സ്വാഭാവിക പങ്കാളികളാണെണ് ഫിൻടെക് ഫെസ്റ്റിൽ പങ്കെടുത്ത യു കെ പ്രധാനമന്ത്രി കിയർ സ്റ്റാമർ പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യത്തെത്തിയ കിയർ സ്റ്റാമറുമായി ശ്രീ മോദി ഇന്ന് പ്രതിനിധിതല ചർച്ച നടത്തിയിരുന്നു. മുംബൈയിൽ നടന്ന സിഇഒ ഫോറത്തിലും ഇരുവരും ഇന്ന് പങ്കെടുത്തു.

****************************

## നിയമസഭ-സസ്പെൻഷൻ (ഇൻട്രോ)

15-ആം കേരള നിയമസഭയുടെ 14-ആം സമ്മേളനത്തിന് ഇന്ന് സമാപനമായി. മുൻനിശ്ചയിച്ച പ്രകാരം നാളെ പരിഗണിക്കേണ്ടിയിരുന്ന ബില്ലുകളടക്കം പരിഗണിച്ച ശേഷമാണ് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞത്. ശബരിമല സ്വർണപ്പാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിന് സഭ

PIU TVPM

വേദിയായി. ചീഫ് മാർഷലിന് പരിക്കേറ്റ സംഭവത്തിൽ മൂന്ന് പ്രതിപക്ഷ അംഗങ്ങളെ സസ്പെൻഡ് ചെയ്തു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(ഹോൾഡ് വോയിസ്)**

***************************

## മുഖ്യമന്ത്രി-അമിത് ഷാ-കൂടിക്കാഴ്ച

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രിമാരായ അമിത് ഷാ, ജെ പി നഡ്ഡ, നിതിൻ ഗഡ്കരി എന്നിവരുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നാളെ പ്രധാനമന്ത്രി നരേന്ദ്രമോദിയെയും മുഖ്യമന്ത്രി സന്ദർശിക്കും. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, മുഹമ്മദ് റിയാസ്, ചീഫ് സെക്രട്ടറി തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്. വയനാടിന് കൂടുതൽ കേന്ദ്ര സഹായം, കേരളത്തിന് എയിംസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ മുഖ്യമന്ത്രി ഉന്നയിക്കും. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്തുമായി മന്ത്രി മുഹമ്മദ് റിയാസ് ഇന്ന് കൂടിക്കാഴ്ച നടത്തി. ഡിസംബറിൽ കേരളത്തിൽ നടക്കുന്ന ടൂറിസം പരിപാടിയിലേക്ക് കേന്ദ്രമന്ത്രിയെ അദ്ദേഹം ക്ഷണിച്ചു.

RNU TVPM

***************************

## ജോർജ് കുര്യൻ

സംസ്ഥാനത്തെ എല്ലാ റെയിൽവെ സ്റ്റേഷനുകളും ഭാവിയിൽ അമൃത് സ്റ്റേഷനുകളായി മാറുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. തിരുവനന്തപുരം സെൻട്രൽ - കണ്ണൂർ ജനശതാബ്ദി എക്സ്പ്രസിന് ചങ്ങനാശ്ശേരിയിൽ അനുവദിച്ച സ്റ്റോപ്പ് ചങ്ങനാശ്ശേരിയിൽ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

നിലവിൽ 35 അമൃത് സ്റ്റേഷനുകളാണ് കേരളത്തിന് പ്രഖ്യാപിച്ചിരിക്കുന്നത്. 2,500 കോടി രൂപ ഇവയ്ക്ക് അനുവദിച്ചിട്ടുണ്ടെന്നും ശ്രീ ജോർജ് കുര്യൻ പറഞ്ഞു.

****************************

## സ്കൂൾ ഒളിമ്പിക്സ് - മന്ത്രി വി ശിവൻകുട്ടി

ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായിക മേള ഒളിമ്പിക്സ് മാതൃകയിൽ ഈ മാസം 21 മുതൽ 28 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും 12 സ്റ്റേഡിയങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഏകദേശം 6,000-ത്തിലധികം കുട്ടികളെയാണ് മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ പ്രതീക്ഷിക്കുന്നത്. മലയാളി ക്രിക്കറ്റ് താരം സഞ്ജു സാംസണാണ് സ്കൂൾ ഒളിമ്പിക്സിന്റെ ബ്രാന്റ് അംബാസഡർ. തങ്കു എന്ന മുയൽ ആണ് സ്കൂൾ ഒളിമ്പിക്സിന്റെ ഭാഗ്യചിഹ്നം.

RNU TVPM

****************************

## പുനലൂർ അരിപ്പ ഭൂസമരം

പുനലൂർ അരിപ്പ ഭൂസമരം അവസാനിപ്പിക്കാൻ സർക്കാർ മുന്നോട്ടു വച്ച വ്യവസ്ഥകൾ സമരസംഘടനകൾ അംഗീകരിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 35 കുടുംബങ്ങൾക്ക് ഒരു ഏക്കർ ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ട് തന്നെ, അരിപ്പ സമരഭൂമിയിൽ 20 സെന്റ് പുരയിടവും 10 സെന്റ് നിലവും വീതം നൽകുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. സമരത്തിലുള്ള 209 എസ് സി കുടുംബങ്ങൾക്ക് 12 സെന്റ് വീതവും ജനറൽ വിഭാഗത്തിൽപ്പെട്ട 78 കുടുംബങ്ങൾക്ക് 10 സെന്റ് വീതവും ഭൂമി

പതിച്ചു നൽകി പട്ടയം അനുവദിക്കാനും സർക്കാർ തീരുമാനിച്ചു.

****************************

## നൊബേൽ പുരസ്കാരം

സാഹിത്യത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരം ഹംഗേറിയൻ എഴുത്തുകാരൻ ലാസ്നോ ക്രസ്നഹോർക്കയ്ക്ക്. ആധുനിക യൂറോപ്യൻ സാഹിത്യത്തിലെ ശ്രദ്ധേയ എഴുത്തുകാരിൽ ഒരാളാണ് അദ്ദേഹം. 2015 ലെ മാൻ ബുക്കർ പുരസ്കാര ജേതാവാണ്.

****************************

## കണ്ണൂർ തീപിടുത്തം

കണ്ണൂർ തളിപ്പറമ്പിൽ വൻ തീപ്പിടുത്തം. നിരവധി കടകൾ കത്തി നശിച്ചു. ബസ്റ്റാൻഡിന് സമീപത്തെ കെ വി കോംപ്ലക്സിലെ കടകൾക്കാണ് ഇന്ന് വൈകുന്നേരത്തോടെ തീ പിടിച്ചത്. ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ തീ അണക്കാനുള്ള ശ്രമം പുരോഗമിക്കുകയാണ്.

RNU TVPM

****************************

## ഡോക്ടർ - ആക്രമണം

താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഇന്നലെ ഡ്യൂട്ടിക്കിടെ ഡോക്ടറെ ആക്രമിച്ച കേസിലെ പ്രതി സുനൂപിനെ കോടതി റിമാൻഡ് ചെയ്തു. വധശ്രമം, ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമം തുടങ്ങിയ വകുപ്പുകൾ ചേർത്താണ് കേസെടുത്തിരിക്കുന്നത്. ആക്രമണത്തിനെതിരെ ഡോക്ടർമാർ ഇന്ന് സംസ്ഥാനവ്യാപകമായി പ്രതിഷേധ ദിനം ആചരിച്ചു.

****************************

## പുകയില രഹിത യുവജന ക്യാമ്പയിൻ

കേന്ദ്ര ആരോഗ്യ - വിദ്യാഭ്യാസ മന്ത്രാലയങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന പുകയില രഹിത യുവജന ക്യാമ്പയിൻ 3.0 ക്ക് തുടക്കമായി. കേന്ദ്ര ആരോഗ്യ സഹമന്ത്രി അനുപ്രിയ പട്ടേൽ പ്രചാരണ പരിപാടി ഉദ്ഘാടനം ചെയ്തു. പുകയില ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് യുവതലമുറയെ ബോധവത്കരിക്കുന്നതിലെ സുപ്രധാന ചുവടുവയ്പ്പാണ് രണ്ടു മാസം നീണ്ടുനിൽക്കുന്ന പ്രചാരണം.

****************************

## മാധ്യമ വാർത്തകൾ തെറ്റെന്ന് - ആർ സി സി

RNU TVPM

തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ മരുന്ന് മാറി നൽകിയെന്ന തരത്തിൽ പ്രചരിക്കുന്ന മാധ്യമ വാർത്തകൾ വാസ്തവ വിരുദ്ധമെന്ന് ആർസിസി. തെറ്റായ മരുന്ന് ഒരു രോഗിക്കും വിതരണം ചെയ്തിട്ടില്ലെന്നും രോഗികൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ആർസിസി അറിയിച്ചു. മരുന്ന് മാറി നൽകിയ ഗ്ലോബല ഫാർമയിൽ നിന്ന് ഇനി മരുന്നുകൾ എടുക്കില്ലെന്നും അധികൃതർ വ്യക്തമാക്കി.

****************************

## കെപിസിസി - എംഎൽഎ സസ്പെൻഷൻ

നിയമസഭയിൽ ചീഫ് മാർഷലിനെ ആരും മർദ്ദിച്ചിട്ടില്ലെന്നും പ്രതിപക്ഷ എംഎൽഎമാരെ സസ്പെൻഡ് ചെയ്ത നടപടിക്ക് പിന്നിൽ ഗൂഢാലോചനയുണ്ടെന്നും കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭയിൽ

ന്യായമായ പ്രതിഷേധം നടത്തുന്നത് ഭരണപക്ഷം തടയാൻ ശ്രമിച്ചതായും അദ്ദേഹം പറഞ്ഞു.

****************************

## പി.ഇ.ബി മേനോൻ അന്ത്യം

ആർ.എസ്.എസ് മുൻ പ്രാന്ത സംഘ ചാലക് പി.ഇ.ബി മേനോൻ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. സംസ്കാരം നാളെ നടക്കും.

****************************

## വനിതാ ലോകകപ്പ് ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 39 ഓവറിൽ 6വിക്കറ്റ് നഷ്ടത്തിൽ 150 റൺസെന്ന നിലയിലാണ്. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ ബാറ്റിങ്ങിനയക്കുകയായിരുന്നു.

PNU TVPM

****************************

## കാലാവസ്ഥ-കേരളം

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്നും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ

മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും പ്രത്യേക നിർദ്ദേശമുണ്ട്.

****************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 398 പോയിന്റ് ഉയർന്ന് 82,172 ലും, നിഫ്റ്റി 136 പോയിന്റ് നേട്ടത്തിൽ 25,181ലും വ്യാപാരം അവസാനിപ്പിച്ചു. സർണവില ഇന്നും വർധിച്ചു. പവന് 160 രൂപ വർധിച്ച് 91,040 രൂപയിലെത്തി. ഗ്രാമിന് 11,380 രൂപയാണ് ഇന്നത്തെ വില.

****************************

## രാഷ്ട്രീയ പോഷൻ മാ-ജോർജ്ജ് കുര്യൻ

PRIJU TVPM

എട്ടാമത് രാഷ്ട്രീയ പോഷൻ മാസത്തോട് അനുബന്ധിച്ചുള്ള സംസ്ഥാനതല പരിപാടി കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് പുതിയറ എസ് കെ പൊറ്റക്കാട് ഹാളിൽ രാവിലെ 10.30 നാണ് പരിപാടി.

****************************

## ലോഗോ-മന്ത്രി വീണാ ജോർജ്

സംയോജിത ശിശുവികസന സേവന പദ്ധതിയുടെ 50-ാം വാർഷികാഘോഷത്തിന്റെ ഭാഗമായുള്ള ICDS@50 ലോഗോ മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്തു. തലശ്ശേരി ഗവൺമെൻറ് ചിൽഡ്രൻസ് ഹോമിലെ കുട്ടി വരച്ച ലോഗോയാണ് ഇതിനായി തിരഞ്ഞെടുത്തത്. സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്ക് 2026 ജനുവരിയിൽ തുടക്കമാകും.